**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 128** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കാർഷിക വിളകളുടെ തറവില പുതുക്കുന്നതിനും സംഭരണം ശക്തമാക്കുന്നതിനും നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. ടി. ജെ. വിനോദ്

ശ്രീമതി ഉഷ വിജയൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** നെല്ല്, തേങ്ങ, റബ്ബർ തുടങ്ങിയ കാർഷികോത്പന്നങ്ങളുടെ തറവില പുതുക്കി നിശ്ചയിക്കുന്നതിനും ന്യായവില ഉറപ്പാക്കി സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാന സർക്കാർ കർഷകർക്ക് അവരുടെ കാർഷികോത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും വിലത്തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1.നെല്ല്:

സംസ്ഥാനത്ത് സംഭരിക്കുന്ന നെല്ലിന് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മിനിമം താങ്ങുവിലയ്ക്ക് (MSP) പുറമേ സംസ്ഥാന സർക്കാർ അധിക സാമ്പത്തിക സഹായവും നൽകി വരുന്നു. നിലവിൽ കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന താങ്ങുവില ഉൾപ്പെടെ കിലോഗ്രാമിന് ₹30 നിരക്കിൽ കർഷകർക്ക് ലഭ്യമാകുന്ന തരത്തിലാണ് സംസ്ഥാന സർക്കാർ ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. പ്രൈസ് സപ്പോർട്ട് സ്കീം പ്രകാരം നടപ്പിലാക്കുന്ന നെല്ല് സംഭരണത്തിന്റെ നോഡൽ ഏജൻസി സപ്ലൈക്കോ ആണ്. സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണ്.

2. തേങ്ങ

കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മിനിമം താങ്ങുവില അടിസ്ഥാനമാക്കി സംസ്ഥാനത്ത് സംഭരണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. നിലവിൽ സംസ്ഥാനത്ത് നാളികേരത്തിന്റെ വിപണിവില താരതമ്യേന ഉയർന്ന നിലയിൽ തുടരുന്നുണ്ട്. വിപണിവില കുറയുന്ന സാഹചര്യമുണ്ടായാൽ സർക്കാർ തലത്തിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

3. റബ്ബർ:

റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടു കൂടി റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില പ്രഖ്യാപിച്ച് 2015 മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന

പദ്ധതിയാണ് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ' കാലാകാലങ്ങളിൽ റബ്ബറിന്റെ ഉത്പാദന ചിലവ് വർദ്ധിക്കുന്നതിനനുസരിച്ച് റബ്ബറിന്റെ താങ്ങുവിലയും ഉയർത്താറുണ്ട്. നിലവിൽ റബ്ബറിന്റെ താങ്ങുവില 200 രൂപയാണ് (2025 നവംബർ ഒന്ന് മുതൽ). റബ്ബറിന്റെ മാർക്കറ്റ് വില ഉയർന്നു നിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് റബ്ബറിന്റെ താങ്ങുവില 200 രൂപയിൽ നിന്ന് 250 രൂപയായി വർദ്ധിപ്പിക്കുമെന്ന് 2026-27 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ സൊസൈറ്റി മുഖേന സബ്സിഡിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള 5 ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് ഈ പദ്ധതി വഴി സബ്സിഡി നൽകുന്നത്.

**(ബി)** മലയോരമേഖലയിലെയും വന്യജീവി ആക്രമണം നേരിടുന്ന മേഖലയിലെയും കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** വന്യമൃഗങ്ങൾ കൃഷിയിടത്തിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് അനുയോജ്യമായ സംവിധാനം സ്ഥാപിക്കുക, കൃഷിയിടങ്ങളിൽ നിന്ന് വന്യമൃഗങ്ങളെ അകറ്റി നിർത്തുന്നതിന് ഓരോ പ്രദേശത്തിന് അനുയോജ്യമായതും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതുമായ സാങ്കേതികവിദ്യ പ്രയോഗിക്കുക എന്ന ഉദ്ദേശത്തോടു കൂടി കേന്ദ്ര ആവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ 25 കോടിയുടെ പദ്ധതിക്കു 2023-24 വർഷത്തിൽ അനുമതി ലഭിച്ചു. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ 12 ജില്ലകളിലായി സോളാർ വേലി, തൂക്കു സോളാർ വേലി, ആന പ്രതിരോധ കിടങ്ങുകൾ തുടങ്ങിയ വിവിധ സാങ്കേതിക നടപടികൾ സ്ഥാപിച്ചു വരുന്നു. വനം വകുപ്പുമായി ഏകോപിപ്പിച്ചാണ് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്ത് തലത്തിൽ വന്യമൃഗ ശല്യം രൂക്ഷമാവുന്ന സ്ഥലങ്ങൾ നോക്കി പദ്ധതി പ്രദേശം കണ്ടെത്തുകയും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാൻ ആയിട്ടുള്ള ഒരു ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുന്നു. കാർഷിക വികസന സമിതിയിൽ ചർച്ച ചെയ്തു അംഗീകരിച്ച DPR ജില്ലാ തല കമ്മിറ്റിക്കു അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാൻ ആയിട്ടുള്ളതും, പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറും ആയിട്ടുള്ള ഒരു ജില്ലാ സമിതി രൂപീകരിക്കുകയും DPR അംഗീകരിക്കുകയും ചെയ്യുന്നു. ജില്ലാതല കമ്മിറ്റി അംഗീകരിച്ച DPR സംസ്ഥാനതല കമ്മിറ്റിയിൽ ചർച്ച ചെയ്തു അംഗീകരിക്കുന്നു. 2023-24 വർഷത്തിൽ 1333ലക്ഷം രൂപയും, 2024-25 വർഷത്തിൽ 1157 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിവരം **അനുബന്ധം** ആയി ചേർത്തിട്ടുണ്ട്.

2025-26 വർഷത്തിൽ 1300 ലക്ഷം രൂപക്കുള്ള അംഗീകാരം ലഭിക്കുകയും 922 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കി വരുന്ന പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് കർഷകർക്ക് ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

മലയോരമേഖലയിലെയും വന്യജീവി ആക്രമണം നേരിടുന്ന മേഖലയിലെയും കർഷകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും കാർഷിക മേഖല നേരിടുന്ന വർദ്ധിച്ചുവരുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനുമായി 11/06/2026-ൽ ബഹു. കൃഷി മന്ത്രിയുടെ നിർദ്ദേശ പ്രകാരം പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയുടെ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശകൾ വിശദമായി പഠിച്ച് കൃത്യമായ പ്രൊപ്പോസൽ (Proposal) സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായുള്ള ഔദ്യോഗിക നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്.

**(സി)** കാർഷികോത്പന്നങ്ങളുടെ സംഭരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; സംഭരണ സംവിധാനങ്ങൾ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** സംസ്ഥാനത്ത് കാർഷികോത്പന്നങ്ങളുടെ സംഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കാർഷികോത്പന്നങ്ങളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഗോഡൗണുകൾ, ശീതീകരണ സംഭരണ കേന്ദ്രങ്ങൾ (Cold Storage), പാക്ക് ഹൗസുകൾ, കാർഷിക വിപണന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും നവീകരിക്കുന്നതിനും സർക്കാർ ധനസഹായം നൽകിവരുന്നു. കൂടാതെ, കർഷക ഉത്പാദക സംഘടനകൾ (FPO), കർഷക സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന സംഭരണ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പിന്തുണ നൽകുന്നുണ്ട്. കാർഷികോത്പന്നങ്ങളുടെ സംഭരണ സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിനായി ശീതശൃംഖല (Cold Chain) സംവിധാനങ്ങൾ, പ്രീ-കൂളിംഗ് യൂണിറ്റുകൾ, ഗ്രേഡിംഗ്, പാക്കിംഗ്, മൂല്യവർധിത സംസ്കരണ സൗകര്യങ്ങൾ എന്നിവ വ്യാപിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ, സംസ്ഥാനത്തെ കാർഷിക മൊത്തവിപണികൾ, അഗ്രോ പ്രോസസ്സിംഗ് കേന്ദ്രങ്ങൾ, സംഭരണ കേന്ദ്രങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

വിപണി ഇടപെടൽ പദ്ധതി, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് എന്നീ പദ്ധതികൾ പ്രകാരം ആനുകൂല്യം നല്കിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നം. | ജില്ല | നടപ്പിലാക്കാനുദ്ദേശിക്കുന്ന ലഘൂകരണ നടപടികൾ | ദൂരം കിലോമീറ്ററിൽ | വിതരണം നൽകിയ തുക ലക്ഷത്തിൽ | പഞ്ചായത്തുകൾ |
|---|---|---|---|---|---|
| 1 | കൊല്ലം | ഹാങ്ങിങ് സോളാർ ഫെൻസിങ്, സോളാർഫെൻസിങ്, ആന കിടങ്ങുകൾ | 41.95 | 189.023 | പിറവന്തൂർ , പത്തനാപുരം , തെന്മല , ആര്യങ്കാവ്, കുളത്തൂപ്പുഴ |
| 2 | ഇടുക്കി | ഹാങ്ങിങ് സോളാർ ഫെൻസിങ് | 27.2 | 220 | കുമിളി, വണ്ടിപ്പെരിയാർ |
| 3 | വയനാട് | ഹാങ്ങിങ് സോളാർ ഫെൻസിങ് | 47.1 | 388 | പൂതാടി, പൊഴുതന, പുൽപള്ളി, തിരുനെല്ലി, തവിഞ്ഞാൽ, നൂൽപ്പുഴ |
| 4 | കണ്ണൂർ | ഹാങ്ങിങ് സോളാർ ഫെൻസിങ് | 27.1 | 218.94 | ഉളിക്കൽ, അയ്യങ്കുന്ന് |
| 5 | കോഴിക്കോട് | ഹാങ്ങിങ് സോളാർ ഫെൻസിങ് | 16 | 125 | കൂടരഞ്ഞി, തിരുവമ്പാടി |
| 6 | കോട്ടയം | ഹാങ്ങിങ് സോളാർ ഫെൻസിങ്ആന കിടങ്ങുകൾ | 20.45 | 190 | എരുമേലി |
| 7 | എറണാകുളം | ഹാങ്ങിങ് സോളാർ ഫെൻസിങ്ആന കിടങ്ങുകൾ | 40.3 | 220 | മലയാറ്റൂർ, കുട്ടമ്പുഴ, അയ്യമ്പുഴ, വേങ്ങൂർ, കൂവപ്പടി |
| 8 | തൃശ്ശൂർ | സോളാർ ഫെൻസിങ് | 84.95 | 210.54853 | കോടശ്ശേരി, പരിയാരം, വടക്കാഞ്ചേരി, മുണ്ടത്തിക്കോട്, അതിരപ്പള്ളി, ചേലക്കര, തെക്കുംകര, മുള്ളൂർക്കര, ദേശമംഗലം, എരുമപ്പെട്ടി, വരവൂർ, മാടക്കത്തറ |
| 9 | തിരുവനന്തപുരം | ആന കിടങ്ങുകൾസോളാർ ഫെൻസിങ് | 11 | 250 | വിതുര, പെരിങ്ങമല |
| 10 | കാസർഗോഡ് | സോളാർ ഫെൻസിങ് | 9 | 37 | ബെള്ളൂർ |
| 11 | മലപ്പുറം | ഹാങ്ങിങ് സോളാർ ഫെൻസിങ് | 27.363 | 220 | മൂത്തേടം, ചുങ്കത്തറ, വഴിക്കടവ്, പോത്തുകല്ല് |

**സെക്ഷൻ ഓഫീസർ**